


# യൗസേപ്പ്: ദൈവത്തിന്റെ തോഴൻ

ഉൽ. 24:50 – 67, 1 സാമു. 1:1 – 18; എഫേ. 5:5 – 21; മത്തായി 1:18 – 25

ബ്ര. ആൽബിൻ ചെറുപ്ലാവിൽ

Vol. 12, Issue: 29

**ഈ**ശോമിശിഹായിൽ സ്നേഹം നിറഞ്ഞ വൈദികരേ, പ്രിയ സഹോദരങ്ങളേ,

രക്ഷകന്റെ ആഗമനത്തിന് അടുത്ത ഒരുക്കം നടത്തുന്ന നമുക്ക് രക്ഷാകരസംഭവത്തിൽ വിശുദ്ധ യൗസേപ്പിതാവിന്റെ നിർമ്മലതയും നിർണ്ണായകവുമായ ഇടപെടലിനെക്കുറിച്ചുള്ള വചനഭാഗമാണ് ഇന്ന് തിരുസഭാമാതാവ് വചനവിചിന്തനത്തിനായി നൽകുന്നത്. വി. ലൂക്കായുടെ സുവിശേഷത്തിൽ ലോകരക്ഷകന്റെ പിറവിയെക്കുറിച്ചുള്ള മംഗളവാർത്ത പരിശുദ്ധ മറിയത്തിനാണ് ലഭിക്കുന്നത്. എന്നാൽ വി. മത്തായിയുടെ സുവിശേഷത്തിൽ ലോകരക്ഷകനെക്കുറിച്ചുള്ള മംഗളവാർത്ത ലഭിക്കുന്നത് വി. യൗസേപ്പിതാവിനാണ് എന്നത് ശ്രദ്ധേയമാണ്. ദൈവികപദ്ധതികളോട് ആമ്മേൻ പറയുന്ന യൗസേപ്പിതാവിനെയാണ് മത്തായി ശ്ലീഹാ നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത്.

മറിയവും യൗസേപ്പും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞ് അവർ ഒരുമിച്ച് ജീവിക്കുന്നതിനു മുമ്പ് അവൾ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു എന്നാണ് തിരുവചനം രേഖപ്പെടുത്തുക. വിവാഹനിശ്ചയം കഴിഞ്ഞ രണ്ട് വ്യക്തികൾക്ക് അവരുടെ കുടുംബജീവിതസ്വപ്നങ്ങൾ എന്തൊക്കെയായിരിക്കാമെന്നത് നമുക്ക് നിശ്ചയമാണ്. എന്നാൽ അതിൽ നിന്നെല്ലാം വിപരീതമായി മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാൻ പറ്റാത്ത ഒരു കാര്യമാണ് ഇവിടെ സംഭവിക്കുന്നത്. യഹൂദ പാരമ്പര്യമനുസരിച്ച് പുരുഷനും സ്ത്രീയും, ഭാര്യയും ഭർത്താവുമായിത്തീരുന്നതിന്റെ ആദ്യപടിയാണ് വിവാഹനിശ്ചയം. വിവാഹനിശ്ചയം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷമാണ് വിവാഹം നടത്തുക. ഈ കാലഘട്ടത്തിലുണ്ടാകുന്ന അവിശ്വസ്തത, വധശിക്ഷ അർഹിക്കുന്ന വ്യഭിചാരമായി കണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. മോശയുടെ നിയമവും യഹൂദ പാരമ്പര്യവുമനുസരിച്ച് വാഗ്ദാനത്തിൽ സ്ത്രീയുടെ ഭാഗത്തു നിന്നാണ് അവിശ്വസ്തത സംഭവിക്കുന്നതെങ്കിൽ അവളെ കല്ലെറിഞ്ഞു കൊല്ലണം. യഹൂദ നിയമത്തിനു മുമ്പിൽ യൗസേപ്പ് നീതിമാനാകണമെങ്കിൽ മറിയത്തിനുമേൽ പതിക്കേണ്ട ആദ്യത്തെ കല്ല് യൗസേപ്പിന്റേതായിരിക്കണം. എന്നാൽ മാനുഷികനീതിക്ക് വിഭിന്നമായി ദൈവികനീതിക്ക് മുൻതൂക്കം കൊടുക്കുന്ന യൗസേപ്പിനെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കാണുന്നത്.

പൂർവ്വ ജോസഫിനെപ്പോലെ പുതിയ നിയമത്തിലെ യൗസേപ്പും സ്വപ്നത്തിലൂടെയാണ് ദൈവികവെളിപാടുകൾ സ്വീകരിക്കുന്നത്. ദൈവഹിതം മാലാഖയിലൂടെ അറിയിക്കപ്പെട്ടപ്പോൾ ഒന്നും മറുത്തു പറയാതെ അത് സ്വീകരിക്കുകയാണ് യൗസേപ്പ്. സഖറിയാ പ്രകടിപ്പിച്ച ആശങ്കകളോ, മറിയം ചോദിച്ച ചോദ്യമോ യൗസേപ്പിൽ നിന്നുയരുന്നില്ല. മറിച്ച് സമ്പൂർണ്ണ സമർപ്പണത്തിന്റെ ഉദാത്തമാതൃകയായി മാറുകയാണ് അദ്ദേഹം. അങ്ങനെ നിദ്ര വിട്ട് എഴുന്നേറ്റ് ജോസഫ് തനിക്കു ലഭിച്ച പുതിയ ദൈവവിളി സ്വീകരിക്കുന്നു. ഇങ്ങനെ നിദ്ര വിട്ട് എഴുന്നേൽക്കുന്ന ഒരു മനുഷ്യനെ ഉൽപത്തിയുടെ പുസ്തകം രണ്ടാം അധ്യായത്തിൽ നാം കാണുന്നുണ്ട്. ആദം നിദ്ര വിട്ട് എഴുന്നേറ്റ് ഹവ്വായെ സ്വീകരിച്ചു. എന്നാൽ അത് പാപത്തിലേക്കുള്ള ചുവടുവയ്പ്പായിരുന്നു. ഇവിടെ യൗസേപ്പ് നിദ്ര വിട്ട് എഴുന്നേറ്റ് രണ്ടാം ഹവ്വായായ മറിയത്തെ സ്വീകരിക്കുന്നു. ഇത് രക്ഷയിലേക്കുള്ള ചുവടുവയ്പ്പായിരുന്നു എന്നാണ് സഭാപിതാവായ അപ്രേം പഠിപ്പിക്കുന്നത്.

ഇന്നത്തെ തിരുവചനത്തിലൂടെ വി. യൗസേപ്പ് നമ്മെ പഠിപ്പിക്കുന്ന രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, ദൈവികപദ്ധതികളോട് ആമ്മേൻ പറയുക. ഒരു സുവിശേഷത്തിലും ഈ പുണ്യപിതാവിന്റെ ഒരു വാക്ക് പോലും രേഖപ്പെടുത്തിയിട്ടില്ല. ആ പുണ്യപിതാവിന്റെ ആത്മീയത അത്രമേൽ ആഴമേറിയതാണെന്നു വേണം നാം മനസിലാക്കാൻ. ഒരു വാക്ക് പോലും ഉരിയാടാതെ ദൈവഹിതത്തോട് ആമ്മേൻ പറഞ്ഞപ്പോൾ ജീവിതം മുഴുവൻ പ്രഘോഷണമാക്കി മാറ്റാൻ യൗസേപ്പിതാവിനു കഴിഞ്ഞു. ആ നിശബ്ദതയിലാണ് യൗസേപ്പിതാവിന് ദൈവസ്വരം കേൾക്കാൻ സാധിച്ചത്. അതുകൊണ്ടാണ് ഉണ്ണിയായ ഈശോയെ ദേവാലയത്തിൽ വച്ച് കാണാതായി മൂന്നാം നാൾ കണ്ടെത്തുമ്പോഴും ഒന്നും ഉരിയാടാതെ നിൽക്കുന്നത്. ഈ കാണാതാകലിലും ദൈവഹിതം തിരിച്ചറിയാൻ യൗസേപ്പിനു കഴിഞ്ഞു. ഇങ്ങനെ നിശബ്ദതയിൽ ആയിരുന്നുകൊണ്ട് ദൈവത്തെ കൂടുതൽ മനസിലാക്കുന്ന രണ്ട് വ്യക്തികളെ സുവിശേഷങ്ങളിൽ നാം കാണുന്നുണ്ട്. ഹൃദയം പിളരുന്ന വേദനയുണ്ടായിട്ടും കാൽവരിയിലേക്കുള്ള തന്റെ മകന്റെ പീഡാനുഭവയാത്രയിൽ നിശബ്ദതയിലാണ് മറിയം ആ രഹസ്യത്തെ മനസിലാക്കുന്നത്. ഈശോ സ്നേഹിച്ച യോഹന്നാൻ എന്ന ശിഷ്യനും കാൽവരിയുടെ നെറുകിൽ നിശബ്ദനായി നിന്നുകൊണ്ട് ദൈവഹിതം തിരിച്ചറിയുന്നു.

ഇന്നത്തെ പഴയനിയമ വായനകളിൽ ദൈവികപദ്ധതിയോട് ആമ്മേൻ പറഞ്ഞ രണ്ടു വ്യക്തികളെ നാം പരിചയപ്പെടുന്നുണ്ട്. ഉൽപത്തി പുസ്തകം 24-ാം അധ്യായത്തിൽ റബേക്കയും സാമുവേൽ പ്രവാചകന്റെ ഒന്നാം പുസ്തകത്തിൽ ഹന്നായും ജീവിതത്തിന്റെ പ്രതിസന്ധിഘട്ടങ്ങളിലെല്ലാം ദൈവത്തോട് ആമ്മേൻ പറഞ്ഞവരാണിവർ. നമ്മുടെയൊക്കെ ജീവിതത്തിൽ പ്രശ്നങ്ങളും വിഷമങ്ങളും കടന്നുവരുമ്പോൾ ഇവരെപ്പോലെ ആമ്മേൻ പറയാൻ സാധിച്ചാൽ ദൈവകൃപ നമ്മിലേക്കൊഴുകുമെന്നത് തീർച്ചയാണ്.

രണ്ടാമതായി, വി. യൗസേപ്പ് നമ്മെ പഠിപ്പിക്കുന്ന കാര്യം എന്നത് ദൈവഹിതത്തോട് നാം ആമ്മേൻ പറയുന്നതിനൊപ്പം അത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ നാം ശ്രമിക്കണം. അങ്ങനെയൊരു ഇമ്മാനുവേൽ അനുഭവത്തിലേക്ക് നാം വളരണം എന്നതാണ്. നിദ്രയിൽ നിന്നുണർന്നുള്ള ജോസഫിന്റെ ജീവിതം ദൈവഹിതം മാത്രം നിറവേറ്റാനുള്ള വ്യഗ്രതയായിരുന്നു. ദൈവദൂതൻ കൽപിച്ചതെല്ലാം നിറവേറ്റുന്ന യൗസേപ്പിനെ സുവിശേഷത്തിൽ നാം കാണുന്നു. ദൈവം നമ്മോട് സംസാരിക്കുന്നത് വചനത്തിലൂടെയും ചിലപ്പോഴെല്ലാം പല വ്യക്തികളിലൂടെയും പ്രകൃതിയിലെ ചില മാറ്റങ്ങളിലൂടെയുമാണ്. പലപ്പോഴും ഇവയെല്ലാം നാം തിരിച്ചറിയുന്നു, മനസിലാക്കുന്നു എന്നതിലുപരിയായി പ്രവർത്തനമേഖലയിലേക്ക് കൊണ്ടുവരാൻ നമുക്കാകുന്നില്ല. ഇന്നത്തെ ലേഖനവായനയിൽ പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. ‘‘നിങ്ങൾ ബുദ്ധിഹീനരെപ്പോലെയല്ല ബുദ്ധിമാന്മാരെപ്പോലെ നടക്കുവാൻ ശ്രദ്ധിക്കുവിൻ’’ എന്ന്. ഇങ്ങനെ ദൈവഹിതം പ്രാവർത്തികമാക്കാൻ സാധിച്ചതുകൊണ്ടാണ് തെരേസ എന്ന കന്യാസ്ത്രീക്ക് കൽക്കട്ടയുടെ അമ്മയാകാനും ഫ്രാൻസിസ് എന്ന വ്യക്തിക്ക് രണ്ടാം ക്രിസ്തുവാകാനും കഴിഞ്ഞത്.

പ്രിയമുള്ള സഹോദരങ്ങളേ, ദൈവപിതാവിന്റെ ഹിതം തിരിച്ചറിഞ്ഞ പുത്രന്റെ ഈ ബലിയർപ്പണത്തിൽ നാം പങ്കെടുക്കുമ്പോൾ പിറവിത്തിരുനാളിന് അടുത്ത് ഒരുങ്ങുന്ന നമുക്ക് വി. യൗസേപ്പിനെപ്പോലെ ദൈവഹിതത്തോട് ആമ്മേൻ പറയാനും ദൈവഹിതത്തെ ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാം. തന്റെ ഹിതം തിരിച്ചറിയാൻ സർവ്വശക്തനായ ദൈവം എന്നെയും നിങ്ങളെയും പ്രാപ്തരാക്കട്ടെ. ആമ്മേൻ.